October 2017

# നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും

(യോഹ 15:4)

ലെക്ഷ്യോ ഡിവിന: യോഹന്നാൻ 15:4-7

## വിചിന്തനം



കഴിഞ്ഞ ഏതാനും മാസങ്ങളിലായി നാം കൂദാശകൾ എന്ന മൂന്നാമത്തെ സ്ഥായീഘടകത്തെക്കുറിച്ച് വിചിന്തനം ചെയ്യുകയായിരുന്നു. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, കുർബ്ബാന, കുമ്പസാരം എന്നിവ ധ്യാനവിഷയമാക്കി. രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെക്കുറിച്ച് നാം പിന്നീട് ധ്യാനിക്കും. ഈ ലെക്ഷ്യോ ഡിവിനയിൽ കൂദാശകൾ എന്ന വിലമതിക്കാനാവാത്ത ദാനത്തെക്കുറിച്ച് നമുക്ക് വിചിന്തനം ചെയ്യാം; അവ നമുക്ക് എത്രമാത്രം അപരിത്യാജ്യമാണെന്നു അതിശയത്തോടെ മനസിലാക്കുകയും ചെയ്യാം. നമ്മെ തനിക്കു സദൃശരാക്കാൻ തക്കവിധം ദൈവം നമ്മെ സ്നേഹിക്കുന്നു. കൂദാശകളിലൂടെയാണ് ദൈവം തന്റെ സാദൃശ്യത്തിലേക്കു നമ്മെ നയിക്കുന്നതും രൂപാന്തരപ്പെടുത്തുന്നതും പരിപൂർണ്ണരാക്കുന്നതും. മുന്തിരിവള്ളിയും ശാഖകളുമെന്നപോലെ കൂദാശകൾ നമ്മെ ക്രിസ്തുവിന്റെ ഛായയിലേക്ക് അനുരൂപപ്പെടുത്തുന്നു.

യേശു കൂദാശകൾ സ്ഥാപിച്ചു. അവ സഭയുടെ കണ്ടുപിടുത്തമല്ല. കൂദാശകൾ നാം ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതല്ല, പ്രത്യുത, ദൈവം നമുക്കുവേണ്ടി ചെയ്യുന്നതാണ്. കൂദാശകളിലൂടെ പരിശുദ്ധ ത്രിത്വം നമ്മിൽ വസിക്കാൻ കടന്നുവരുന്നു. ഓരോ കൂദാശയുടെയും പിന്നിൽ പ്രവർത്തനനിരതമായിരിക്കുന്ന സ്നേഹ സമ്പന്നവും രൂപാന്തരീകരിക്കുന്നതുമായ ശക്തിയാണ് പരിശുദ്ധാത്മാവ്. ദൈവികജീവനിൽ പങ്കുകാരാകാൻ നമ്മെ പ്രാപ്തരാക്കിക്കൊണ്ട് ദൈവം നമ്മുടെ ദുർബലമാക്കപ്പെട്ട ആത്മാവിലേക്ക് അതിസ്വാഭാവിക കൃപ ഒഴുക്കുന്ന അടിസ്ഥാന മാർഗ്ഗങ്ങളാണ് കൂദാശകൾ.

അദൃശ്യമായ കൃപയുടെ ദൃശ്യ അടയാളങ്ങളാണ് കൂദാശകൾ. ജലം, എണ്ണ, വീഞ്ഞ്, അപ്പം, പ്രാർത്ഥനകൾ തുടങ്ങിയ അടയാളങ്ങൾ നഗ്നനേത്രങ്ങൾക്കു ഗോചരമാണ്. എന്നാൽ അദൃശ്യമായവ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമെ ഗ്രഹിക്കാനാവൂ. വിശ്വാസം മൂലം പദാർത്ഥം, വാക്കുകൾ, പ്രവൃത്തികൾ തുടങ്ങിയവ സ്വാഭാവിക തലത്തെ മറികടന്ന് അതിസ്വാഭാവിക തലത്തിൽ വ്യാപരിക്കുന്നു. നമുക്ക് അസാധാരണമായവ നൽകാൻ സാധാരണമായതിനെയും അതിസ്വാഭാവികമായവ നൽകാൻ സ്വാഭാവികമായതിനെയും ദൈവം ഉപയോഗിക്കുന്നു. ദൈവികകൃപയുടെ ഈ സാധാരണ മാർഗ്ഗങ്ങൾ ദൈവം ആയിരിക്കുന്നിടത്തേക്കു നമ്മെ ഉയർത്തുന്നു. ഭൂമിയിൽ സ്വർഗ്ഗം അനുഭവിക്കാൻ അവ നമ്മെ സഹായിക്കുന്നു. ദൈവിക കൃപ വഴി നിത്യാനന്ദദായകമായ ദൈവദർശനത്തിൽ എക്കാലവും ജീവിക്കാനായി അവ നമ്മെ രൂപപ്പെടുത്തി വാർത്തെടുക്കുന്നു.

നമ്മിൽ വസിക്കാനായി ദൈവം കൂദാശകളിലൂടെ കടന്നുവരുന്നു. അവിടന്നു നമ്മിൽ വസിക്കുന്നതുപോലെ നാം അവിടന്നിൽ വസിക്കാൻ അവിടന്നു നമ്മെ ക്ഷണിക്കുന്നു. ദൈവവുമായി ഗാഢമായ കൂട്ടായ്മയിൽ വളരാനുള്ള ശക്തമായ മാർഗ്ഗങ്ങളാണ് കൂദാശകൾ. ദൈവം അവിടത്തെ പരിശുദ്ധി നാമുമായി പങ്കിടുന്നു. അത് അവിടത്തേക്കു നമ്മിലൂടെ മറ്റുള്ളവരേയും വിശുദ്ധീകരിക്കാൻ വേണ്ടിയാണ്. ക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ കൂദാശ ആയതുപോലെ നമുക്കും ഒരു കൂദാശയാകാം; ക്രിസ്തുവിന്റെ രൂപാന്തരീകരിക്കുന്ന ശക്തി മറ്റുള്ളവർക്കു ദൃശ്യമാക്കാം.

## വിശുദ്ധന്റെ മൊഴി:

'നീ സക്രാരിയെ സമീപിക്കുമ്പോൾ ഓർക്കുക, ദൈവം ഇരുപതു നൂറ്റാണ്ടുകളായി നിന്നെ കാത്തിരിക്കുകയായിരുന്നു.
വിശുദ്ധ ഹൊസെ മരിയ എസ്ക്രിവ

## സത്ക്രിയ

പ്രായശ്ചിത്തത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും ആത്മശിക്ഷണത്തിന്റെയും രഹസ്യാത്മക പ്രവൃത്തികളിലേക്കു നിന്നെ നയിക്കാൻ നീ കുർബാനയിലും കുമ്പസാരത്തിലും അനുഭവിക്കുന്ന കൃപയെ ബോധപൂർവം അനുവദിക്കുക.